# കേരള സർവകലാശാല

നം. പി.ആർ.148/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം
### ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്-നിർദ്ദേശങ്ങൾ

കേരള സർവകലാശാലയുടെ 2017-18 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ 05.07.2017 ന് പ്രസിദ്ധപ്പെടുത്തും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതുവരെയും ഒരു കോളേജിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ അഡ്മിഷൻ ഫീസ് അടക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റൗട്ടെടുത്ത് എസ്.ബി.ഐ യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടക്കേണ്ടതാണ്. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840/- രൂപയുമാണ്. ഇപ്രകാരം അഡ്മിഷൻ ഫീസ് അടച്ചവർ അഡ്മിഷൻ ഫീസ് അടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്.കോളേജുകളിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തിയ അപേക്ഷകർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് റ്റി.സി വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ ഫീസ് വീണ്ടും അടക്കേണ്ടതില്ല.

### അലോട്ട്മെന്റ് മെമ്മോ

സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മിഷൻ ഫീസ് അടച്ച വിവരം വെബ്സൈറ്റിൽ ചേർക്കുമ്പോൾ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കോളേജിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്നവർക്കും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്,കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 ജൂലൈ 7-ാം തീയതി വരെയാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക). മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത

അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന കോളേജ്/കോഴ്സ് എന്നിവയിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കണമെങ്കിൽ അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. കോളേജുകളിൽ പ്രവേശനം നേടിയ ശേഷം ആ സീറ്റിൽ തൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ 11.07.2017 വൈകുന്നേരം 5 മണിവരെ നീക്കം ചെയ്യാം. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## എം.ടെക് കോഴ്സുകൾക്ക് അപേക്ഷിക്കേണ്ട തീയതി നീട്ടി

കേരള സർവകലാശാല 2017-18 അദ്ധ്യയന വർഷത്തിലേക്ക് കംപ്യൂട്ടർ സയൻസ് (ഡിജിറ്റൽ ഇമേജ് പ്രോസസ്സിംഗ് സ്പെഷ്യലൈസേഷനോട് കൂടിയത്) (കംപ്യൂട്ടർ സയൻസ് വിഭാഗം), ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്ടിക്കൽ കമ്മ്യൂണിക്കേഷൻ സ്പെഷ്യലൈസേഷനോട് കൂടിയത്) (ഒപ്റ്റോ ഇലക്ട്രോണിക്സ് വിഭാഗം), ടെക്നോളജി മാനേജ്മെന്റ് (ഫ്യൂച്ചർ സ്റ്റഡീസ് വിഭാഗം) എന്നീ എം.ടെക് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 21 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോമിനും വെബ്സൈറ്റിൽ (www.keralauniversity.ac.in/news) എന്ന ലിങ്ക് സന്ദർശിക്കുക. ഗേറ്റ് സ്കോർ ഇല്ലാത്ത അപേക്ഷകർക്കായി സർവകലാശാല പ്രത്യേക പ്രവേശനപരീക്ഷ താഴെ പറയുന്ന തീയതികളിൽ നടത്തുന്നതാണ്. എം.ടെക് കംപ്യൂട്ടർ സയൻസ് - ആഗസ്റ്റ് രണ്ട്, എം.ടെക് ഒപ്റ്റോ ഇലക്ട്രോണിക്സ് - ആഗസ്റ്റ് മൂന്ന്, എം.ടെക് ടെക്നോളജി മാനേജ്മെന്റ് ആഗസ്റ്റ് നാല്

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സ് മോണിംഗ് ബാച്ച് - സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിന് സീറ്റൊഴിവുണ്ട്. യോഗ്യത പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ് 6000 രൂപ. അപേക്ഷഫീസ് 100 രൂപ. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ. സമയം രാവിലെ ഏഴ് മുതൽ ഒൻപത് വരെ. കോഴ്സ് ദൈർഘ്യം മൂന്ന് മാസം. വിശദവിവരങ്ങൾക്ക് പി.എം.ജി-യിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് കോഴ്സിന് അപേക്ഷിക്കാനുള്ള തീയതി ജൂലൈ 10 വരെ നീട്ടി. യോഗ്യത കേരള സർവകലാശാല അംഗീകരിച്ച ബിരുദം. ഫീസ് 6000 രൂപ. കോഴ്സ് കാലാവധി നാല് മാസം. അപേക്ഷഫീസ് 100 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. വിശദവിവരങ്ങൾക്ക് പി.എം.ജി-യിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## യോഗാ തെറാപ്പി ഈവനിംഗ് സീറ്റൊഴിവുണ്ട്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം ജൂലൈ അഞ്ചിന് ക്ലാസ് ആരംഭിക്കുന്ന പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. ഫീസ് 19500 രൂപ. അപേക്ഷഫീസ് 100 രൂപ. കോഴ്സ് ദൈർഘ്യം ഒരു വർഷം. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. വിശദവിവരങ്ങൾക്ക് പി.എം.ജി-യിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471–2302523.

## ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് സീറ്റൊഴിവുണ്ട്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം ജൂലൈ എട്ടിന് ക്ലാസ് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ് 7500 രൂപ. അപേക്ഷഫീസ് 100 രൂപ. വിശദവിവരങ്ങൾക്ക് പി.എം.ജി-യിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471–2302523.

## എം.എസ്സി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ 2015–17 അദ്ധ്യയന വർഷത്തിലെ എം.എസ്സി അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. തസ്നി എസ് (AQB 150501/2017) ഒന്നാം റാങ്ക് നേടി.

## ബി.എസ്സി ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഡിഗ്രി പരീക്ഷയുടെ (2014 അഡ്മിഷൻ-റഗുലർ, 2013 അഡ്മിഷൻ- സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി പ്രാക്റ്റിക്കൽ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ പ്രാക്റ്റിക്കൽ ജൂലൈ ഏഴിന് നടക്കും. വിശദവിവരങ്ങൾ കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്

കേരള സർവകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (സി.എ.സി.ഇ.ഇ), കാഞ്ഞിരംകുളം കെ.എൻ.എം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ ഉടൻ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിൽ ചേരുന്നതിനുള്ള അപേക്ഷാഫോം കോളേജിൽ ലഭിക്കും. അടിസ്ഥാന യോഗ്യത പ്ലസ് ടു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 15.

തിരുവനന്തപുരം.
04.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098